"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

15 YEARS OF CELEBRATING THE MAHATMA

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ അവണിശ്ശേരി ഗ്രാമപഞ്ചായത്ത് - 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-3 ൽ തടസ്സപ്പെടുത്തിയ തുകയുടെ ചെലവിന് സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

## തദ്ദേശ സ്വയംഭരണ (എബി) വകുപ്പ്

സ.ഉ.(സാധാ) നം.3089/2022/LSGD തീയതി,തിരുവനന്തപുരം, 13-12-2022

പരാമർശം:-

1. പഞ്ചായത്ത് ഡയറക്ടറുടെ 17.12.2019 ലെ പാൻ/15408/2019-എം3(ഡി.പി.) നമ്പർ കത്ത്.
2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 11.02.2022 ലെ ഡി.കെ.എസ്.എ.2295/പി.റ്റി.2/2021 നമ്പർ കത്ത്.

## ഉത്തരവ്

2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് പരാമർശം 3-3 പ്രകാരം തൃശ്ശൂർ ജില്ലയിലെ അവണിശ്ശേരി ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ പ്രോജക്ടുകളുടെ നടത്തിപ്പിനുള്ള പദ്ധതി മാർഗ്ഗരേഖ നിർദ്ദേശങ്ങൾക്കു വിരുദ്ധമായി അവണിശ്ശേരി ഗ്രാമപഞ്ചായത്തിൽ പട്ടികജാതിയിൽപ്പെട്ട യുവജനങ്ങൾക്ക് ശിങ്കാരിമേളം ഉപകരണങ്ങൾ എന്ന പ്രോജക്ടിന് 2,05,414/- രൂപ ചെലവഴിച്ചത് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിരുന്നു.

2. തൃശ്ശൂർ ജില്ലയിലെ അവണിശ്ശേരി ഗ്രാമപഞ്ചായത്തിലെ 2016-17 വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 പ്രകാരം തടസ്സപ്പെടുത്തിയ 2,05,414/- രൂപയക്ക് സാധൂകരണത്തിനായി അവണിശ്ശേരി ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉചിത മാർഗേന അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. പട്ടികജാതി വികസനം എന്ന വർക്കിംഗ് ഗ്രൂപ്പിൽ നിന്നും ഗ്രാമസഭയിൽ നിന്നും ശിങ്കാരിമേളം ഉപകരണങ്ങൾ വാങ്ങി നൽകുന്നതിന് നിർദ്ദേശമുണ്ടായതിനാലും, 2016-17 സാമ്പത്തിക വർഷത്തെ സബ്സിഡി മാർഗ്ഗരേഖയിൽ യുവജനവികസനത്തിന് വികസന ഫണ്ടിൽ നിന്നും 10 ശതമാനം തുക വകയിരുത്തിയിരിക്കണമെന്ന് നിർദ്ദേശിച്ചതിനാലുമാണ് ഭരണാനുമതിയോടെ പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭ്യമാക്കിയത്. ഗ്രാമസഭ അംഗീകരിച്ച ലിസ്റ്റിൽ ഉൾപ്പെട്ട ഗുണഭോക്താക്കൾക്കാണ് ഉപകരണങ്ങൾ നൽകിയത്. അവണിശ്ശേരി ഗ്രാമപഞ്ചായത്തിലെ പട്ടികജാതിയിൽപ്പെട്ടവരും, ശിങ്കാരിമേളത്തിൽ നിപുണരുമായ 21 അംഗങ്ങൾ ഉൾപ്പെട്ട ഗ്രൂപ്പിനാണ് ഉപകരണങ്ങൾ നൽകിയത്. കലാ പ്രോത്സാഹനം, തൊഴിൽ ലഭ്യമാക്കൽ എന്നിവ ലക്ഷ്യമാക്കിയതാണ് പ്രോജക്ട്. നിലവിൽ പ്രസ്തുത ട്രൂപ്പ് നല്ലരീതിയിൽ പ്രവർത്തിച്ച് വരുന്നതിനാൽ യുവാക്കൾക്ക് നല്ല വരുമാനമാർഗ്ഗമായിട്ടിട്ടുണ്ട് എന്നതിനാലും പ്രോജക്ട് നടപ്പിലാക്കിയത് മൂലം പഞ്ചായത്തിനു നഷ്ടം സംഭവിച്ചിട്ടില്ലയെന്ന് പഞ്ചായത്ത് ഭരണ സമിതിയ്ക്ക് ബോദ്ധ്യപ്പെട്ടിട്ടുണ്ട്. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, ഭരണ സമിതി തീരുമാനം, ഓഡിറ്റ് റിപ്പോർട്ട്,

ജില്ലാതല മോണിറ്ററിംഗ് സമിതി തീരുമാനം എന്നിവ സഹിതം സാധൂകരണം നൽകുന്നതിൽ അനുകൂല ശുപാർശയോടുകൂടി പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3. തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3 ൽ 2,05,414/- രൂപ (രണ്ട് ലക്ഷത്തി അയ്യായിരത്തി നാനൂറ്റിപ്പതിനാല് രൂപ മാത്രം) തടസ്സപ്പെടുത്തിയിട്ടുണ്ട്. സബ്സിഡി മാർഗ്ഗരേഖയിലെ (ജി.ഒ.(എംഎസ്) 4/2016/തസ്വഭവ തീയതി 11.10.2016) നിർദ്ദേശത്തിന് അനുസൃതമല്ലാതെ ശിങ്കാരിമേളം വാദ്യോപകരണങ്ങൾ വാങ്ങുന്നതിന് പട്ടികജാതി വിഭാഗത്തിലുള്ള യുവജനങ്ങൾക്ക് തുക ചെലവഴിച്ചതാണ് ഓഡിറ്റ് തടസ്സത്തിന് കാരണം. സബ്സിഡി മാർഗ്ഗരേഖയിൽ വിവരിക്കാത്ത ഇനത്തിന് ചെലവ് വരുമ്പോൾ പ്രസ്തുത ചെലവ് ഉൾപ്പെടുന്ന പദ്ധതിയുടെ ആവിഷ്കാരത്തിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമായിരുന്നു. മറ്റ് അപാകങ്ങൾ പദ്ധതി നടത്തിപ്പിന് ഇല്ലാതിരുന്നതിനാൽ തൃശ്ശൂർ ജില്ലാ ഓഡിറ്റ് കാര്യാലയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-3 ൽ പരാമർശിച്ചിരിക്കുന്ന ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന് ഓഡിറ്റ് ഡയറക്ടർ പരാമർശം (2) പ്രകാരം റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

4. സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചു. ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അപേക്ഷ, ഭരണ സമിതി തീരുമാനം, ഓഡിറ്റ് റിപ്പോർട്ട്, ജില്ലാതല മോണിറ്ററിംഗ് സമിതി തീരുമാനം, പഞ്ചായത്ത് ഡയറക്ടറുടെ അനുകൂല ശിപാർശ, ഓഡിറ്റ് റിപ്പോർട്ടിൽ പരാമർശിച്ചിരിക്കുന്ന ചെലവിന് സാധൂകരണം നൽകാവുന്നതാണെന്ന ഓഡിറ്റ് ഡയറക്ടറുടെ ശിപാർശ എന്നിവ പരിഗണിച്ചും, കലാ പ്രോത്സാഹനം, തൊഴിൽ ലഭ്യമാക്കൽ എന്നിവ ലക്ഷ്യമാക്കിയതാണ് ടി പ്രോജക്ട് എന്നതിനാലും നിലവിൽ പ്രസ്തുത ട്രൂപ്പ് നല്ലരീതിയിൽ പ്രവർത്തിച്ചു വരുന്നതിനാൽ യുവാക്കൾക്ക് നല്ല വരുമാനമാർഗ്ഗമായിട്ടുണ്ട് എന്നതിനാലും, പ്രോജക്ട് നടപ്പിലാക്കിയത് മൂലം പഞ്ചായത്തിനു നഷ്ടം സംഭവിച്ചിട്ടില്ലാത്തതിനാലും, സബ്സിഡി മാർഗ്ഗരേഖയിൽ വിവരിക്കാത്ത ഇനത്തിന് ചെലവ് വരുമ്പോൾ പ്രസ്തുത ചെലവ് ഉൾപ്പെടുന്ന പദ്ധതിയുടെ ആവിഷ്കാരത്തിന് സർക്കാരിന്റെ മുൻകൂർ അനുമതി വാങ്ങാതെ നടപ്പിലാക്കിയ പദ്ധതി എന്നിരിക്കെ മേലിൽ ഇത്തരം കീഴ്വഴക്കങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് ഡയറക്ടർ സ്വീകരിക്കേണ്ടതാണ് എന്ന നിർദ്ദേശത്തിന്മേലും, തൃശ്ശൂർ ജില്ലയിലെ അവിണിശ്ശേരി ഗ്രാമപഞ്ചായത്തിന്റെ 2016-17 സാമ്പത്തിക വർഷ ഓഡിറ്റ് റിപ്പോർട്ടിലെ ഖണ്ഡിക 3-3 പ്രകാരം തടസ്സപ്പെടുത്തിയ **2,05,414/- രൂപയുടെ (രണ്ട് ലക്ഷത്തി അയ്യായിരത്തി നാനൂറ്റിപ്പതിനാല് രൂപ മാത്രം)** ചിലവിനു സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റീജ ജസ്റ്റസ്
ഡെപ്യൂട്ടിസെക്രട്ടറി

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് (റൂറൽ), തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് വകുപ്പ്, തൃശ്ശൂർ.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
സെക്രട്ടറി, അവിണിശ്ശേരി ഗ്രാമപഞ്ചായത്ത്, തൃശ്ശൂർ.

അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ